## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : *29

02.03.2020 ൽ
മറുപടിക്ക്

### തോക്കുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച സി & എ. ജി. റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഷാനിമോൾ ഉസ്മാൻ<br>ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. പി.ടി. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ 2011 ഫെബ്രുവരിയിൽ 25 ഇൻസാസ് റൈഫിളുകൾ തിരുവനന്തപുരം എ.ആർ. ക്യാമ്പിലേക്ക് അയച്ചിരുന്നു എന്നും രേഖകളിൽ വന്ന പിശകുകൾ തിരുത്തിയിട്ടുണ്ടെന്നും സർക്കാർ സി & എ.ജി.ക്ക് മറുപടി നൽകിയിരുന്നോ; | എ) ഓഡിറ്റ് സംബന്ധമായി സി & എ.ജി നടത്തിയ എക്സിറ്റ് കോൺഫറൻസിനു മുന്നോടിയായി 2005 മുതൽ 2016 വരെയുള്ള നിരീക്ഷണങ്ങൾക്കാണ് പൊതുവിൽ മറുപടി നൽകിയിട്ടുള്ളത്. |
| ബി) സി & എ.ജി. ഇത് പരിശോധന വിധേയമാക്കിയപ്പോൾ പോലീസ് ചീഫ് സ്റ്റോർസിൽ നിന്നും ലഭിച്ച 660 റൈഫിളുകളുടെ തിരിച്ചറിയൽ നമ്പറുകളും വിവരങ്ങളും ഡി.ഐ.ജി.യിൽ നിന്നും ആരാഞ്ഞിരുന്നോ; | ബി) ഇല്ല എന്നു പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. |
| സി) ഡി.ഐ.ജി. നൽകിയ ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ 25 തോക്കുകൾ നഷ്ടപ്പെട്ടു എന്ന് സി & എ.ജി. കണ്ടെത്തിയിരുന്നോ; | സി) നഷ്ടപ്പെട്ടു എന്നു സി & എ.ജി. നിരീക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഇത് അംഗീകരിച്ചുകൊണ്ട് സർക്കാർ ഈ കാര്യത്തിൽ വിശദമായൊരു അന്വേഷണം പ്രഖ്യാപിക്കുമെന്ന് സി & എ.ജി.ക്ക് ഉറപ്പ് നൽകിയിരുന്നോ; പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ; | ഡി) | ഓഡിറ്റ് സംബന്ധമായി സി & എ.ജി നടത്തിയ എക്സിറ്റ് കോൺഫറൻസിനു മുന്നോടിയായി സർക്കാർ നൽകിയ റിപ്പോർട്ടിൽ കേസ് രജിസ്റ്റർ ചെയ്തതായും ക്രൈം ബ്രാഞ്ചിന് കൈമാറും എന്നും അറിയിച്ചിരുന്നു.<br>തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും, ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തി വരുന്നു.<br>17.02.2020 ൽ അന്വേഷണസംഘം എസ്.എ.പി. ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടു പോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല. |
| ഇ) | ഒന്നര വർഷമായി അന്വേഷിച്ചു കണ്ടെത്താത്ത തോക്കുകൾ ആഭ്യന്തര സെക്രട്ടറി ഒരു ദിവസം കൊണ്ട് കണ്ടെത്തിയെന്ന വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | ഇ) | മേൽപ്പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല. |

| | |
|---|---|
| എഫ്) നഷ്ടപ്പെട്ട തോക്കുകളുടെ നമ്പറുകളും പോലീസ് ചീഫ് സ്റ്റോർസിൽ നിന്നും ലഭിച്ച 660 റൈഫിളുകളുടെ നമ്പറുകളും ആഭ്യന്തര സെക്രട്ടറി ഒത്തു നോക്കിയിരുന്നോയെന്ന് വെളിപ്പെടുത്തുമോ? | എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ